******

.

2016 ജനുവരിയിലെ വകുപ്പുതല വാചാപരീക്ഷയ്ക്കായി സാധുവായ അപേക്ഷ സമർപ്പിച്ചിരുന്ന അന്ധരായ ഉദ്യോഗസ്ഥർക്കായി തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ വച്ച് 20/04/2016 ഉച്ചയ്ക്കുശേഷം 12.30 p.m നും എറണാകുളം ജില്ലാ ഓഫീസിൽ വെച്ച് 21.4.2016 ഉച്ചയ്ക്കു ശേഷം 12.30 p.m നും കോഴിക്കോട് ജില്ലാ ഓഫീസിൽ വെച്ച് 20.04.2016 ന് രാവിലെ 10.30 a.m നും വാചാപരീക്ഷ നടത്തുവാൻ ബഹുമാനപ്പെട്ട കമ്മീഷൻ ഉത്തരവായിട്ടുണ്ട്. പരീക്ഷാർത്ഥികൾക്ക് ഇത് സംബന്ധിച്ച അറിയിപ്പും അഡ്മിഷൻ ടിക്കറ്റും ഇതിനോടകം അയച്ചിട്ടുണ്ട്. 18.04.2016 നകം അറിയിപ്പ് ലഭിക്കാത്തവർ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം ജോയിന്റ് സെക്രട്ടറിയെ അക്കാര്യം (ടെലിഫോണിൽ - 0471 - 2546278) അറിയിക്കേണ്ടതാണ്. തിരുവനന്തപുരം, എറണാകുളം മേഖലയിലെ പരീക്ഷാർത്ഥികൾ രാവിലെ 10.00 a.m - നും കോഴിക്കോട് മേഖലയിലെ പരീക്ഷാർത്ഥികൾ 09.00 a.m നും അസൽ രേഖകളുമായി അന്നേ ദിവസം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഹാജരാകേണ്ടതാണ്.